തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതിച്ചെലവ്

5 (*125) ശ്രീ. ടി. വി. രാജേഷ് :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻവർഷങ്ങളിലെ പോലെ നടപ്പ് സാമ്പത്തിക വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതിച്ചെലവ് കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇങ്ങനെ സംഭവിക്കാനുണ്ടായ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(സി) തദ്ദേശസ്ഥാപനങ്ങളുടെ അടങ്കൽ തുക വർദ്ധിപ്പിക്കുകയും അത് ചെലവഴിക്കാൻ യാതൊരു നടപടിയും എടുക്കാതെ പോകുന്നതുമായ നയം തിരുത്താൻ തയ്യാറാകുമോ ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ-സി) കഴിഞ്ഞ വർഷങ്ങളിലെ പദ്ധതി ചെലവ് കുറവല്ല. അഞ്ചു വർഷത്തെ ചെലവ് താഴെ കൊടുക്കുന്നു :

അഞ്ച് വർഷത്തെ ചെലവ്	ശതമാനം
2009-10	73.85
2010-11	66.53
2011-12	75.19
2012-13	70.84
2013-14	77.47

ഈ വർഷവും കഴിഞ്ഞ വർഷത്തെ പദ്ധതി ചെലവിനടുത്ത ചെലവുണ്ടാകുമെന്ന് കരുതുന്നു. പഞ്ചായത്തുകൾക്ക് അക്കൗണ്ടന്റുമാരുടെയും എഞ്ചിനീയർമാരുടെയും പോസ്റ്റുകൾ സൃഷ്ടിക്കുകയും ആസൂത്രണ പ്രക്രിയ നേരത്തെയാക്കുകയും വഴി പദ്ധതി തുക ചെലവഴിക്കാനുള്ള നടപടികൾ സർക്കാർ ഇതിനോടകംതന്നെ നടപ്പിൽ വരുത്തിയിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly